കെ എസ് സി എസ് ടി ഈ - ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ
ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്
പാലോട്, തിരുവനന്തപുരം- 695 562, കേരളം.
ഫോൺ- 0472-2869246, 2869628. ഫാക്സ്- 04722869646.

No. JNTBGRI/KSC/Food-2019 Dated 05/12/2018

# TENDER NOTICE FOR SERVING FOOD AND REFRESHMENT ITEMS
## 31st Kerala Science Congress, 2-3 February 2019

മുപ്പത്തിഒന്നാമതു കേരളാ ശാസ്ത്ര കോൺഗ്രസ് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻറെയും, കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജിൻറെയും സംയുക്ത ആഭിമുഖ്യത്തിൽ കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജിൽ വെച്ച് 2019 ഫെബ്രുവരി 2, 3 തീയതികളിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. കേരളത്തിൻറെ അകത്തും പുറത്തും നിന്നുമായി ഏകദേശം 1500-ഓളം പേർ ഈ പരിപാടിയിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ അംഗീകരിച്ച സംസ്ഥാന/കേന്ദ്ര സർക്കാർ ലൈസെൻസ് ഉള്ളതും, പ്രവർത്തന മികവ് ഉള്ളതുമായ കേറ്ററേഴ്സിൽ നിന്നും ഭക്ഷണം പാകം ചെയ്യുന്നതിനും വിതരണം ചെയ്യുന്നിതിനും ഉള്ള ദർഘാസുകൾ ക്ഷണിക്കുന്നു.

പ്രസ്തുത ദർഘാസിനായുള്ള അപേക്ഷ ഫോറം ജെ എൻ ടി ബി ജി ആർ ഐ- ൽ നിന്നും 27/12/2018 ഉച്ചക്ക് 12 മണിക്ക് മുമ്പായി 1500 രൂപ + 12% GST (ആയിരത്തിഅഞ്ഞൂറു രൂപ + 12% GST) നൽകി കൈപ്പറ്റുകയോ, അല്ലങ്കിൽ ജെ എൻ ടി ബി ജി ആർ ഐ വെബ്സൈറ്റിൽ (www.jntbgri.res.in) നിന്നോ കേരളാ ശാസ്ത്ര കോൺഗ്രസ് വെബ്സൈറ്റിൽ നിന്നോ (www.ksc.kerala.gov.in) കേരളാ ശാസ്ത്ര കൗൺസിൽ വെബ്സൈറ്റിൽ നിന്നോ (www.kscste.kerala.gov.in) ഡൗൺലോഡ് ചെയ്ത ഫോറത്തോടൊപ്പം നിർദിഷ്ട തുകയുടെ DD ജെ എൻ ടി ബി ജി ആർ ഐ, പാലോട് എന്ന പേരിൽ എടുത്തതു

സഹിതം ദർഘാസ് സമർപ്പിക്കേണ്ടതാണ്. കൂടാതെ 8,000 രൂപയുടെ (എണ്ണായിരം രൂപ മാത്രം) മറ്റൊരു DD നിരതദ്രവ്യമായി (EMD) ജെ എൻ ടി ബി ജി ആർ ഐ, പാലോട് എന്ന പേരിൽ ദർഘാസിൽ ഉൾപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

ദർഘാസിനോടൊപ്പം താഴെപ്പറയുന്ന രേഖകൾ നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

1. ദർഘാസിനായുള്ള അപേക്ഷ ഫോറത്തിൻറെ വിലയുടെ രസീത് /DD
2. നിരതദ്രവ്യത്തിൻറെ (EMD) DD
3. Copy of PAN card
4. Copy of FSSAI License
5. GST Registration certificate
6. മുൻ പരിചയം തെളിയിക്കുവാനുള്ള രേഖകൾ (1200 ൽ അധികം പേർ രണ്ടിലധികം ദിവസം പങ്കടുത്ത പരിപാടികൾ)
7. അടിസ്ഥാന സൗകര്യങ്ങളുടെ വിവരങ്ങൾ

മുദ്രചെയ്ത ദർഘാസുകൾ 27/12/2018 നു ഉച്ചക്ക് 2.30നു മുൻപായി തിരുവനന്തപുരം പാലോടുള്ള ജെ എൻ ടി ബി ജി ആർ ഐ ഓഫീസിൽ (JNTBGRI, Palode, Thiruvananthapuram) എത്തിക്കേണ്ടതാണ്. നിർദിഷ്ട സമയത്തിന് ശേഷം വരുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. കവറിനു മുകളിലായി QUOTATION FOR COOKING AND SERVING FOOD FOR KERALA SCIENCE CONGRESS 2019 എന്ന് വലിയ അക്ഷരത്തിൽ എഴുതിരിക്കണം. അന്നേദിവസം 3.00 മണിക്ക് ദർഘാസുകൾ തുറക്കുന്നതായിരിക്കും. മേൽപ്പറഞ്ഞ രേഖകൾ ഇല്ലാത്ത പക്ഷം ദർഘാസുകൾ നിരസിക്കപ്പെടുന്നതായിരിക്കും. ഓർഗനൈസിംഗ് കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

തിരഞ്ഞെടുക്കപ്പെട്ട ബിഡർ സെക്യൂരിറ്റിയായി രണ്ടുലക്ഷം രൂപയുടെ (Rs. 2,00,000/- only) ബാങ്ക് ഗ്യാരണ്ടി JNTBGRI യുടെ പേരിൽ നൽകേണ്ടതും ആവിശ്യമായ മുദ്രപേപ്പറിൽ എഗ്രിമെന്റ് വെയ്ക്കേണ്ടതുമാണ്. ബിഡർ കരാറിൽനിന്നും പിന്മാറുന്ന പക്ഷം

EMD-ൽ നിന്നും ബാങ്ക് ഗ്യാരണ്ടിയിൽ നിന്നും സർക്കാരിനു വരുന്ന നഷ്ടം ഈടാക്കുന്നതാണ്.

തിരഞ്ഞെടുക്കപ്പെട്ട ബിഡർ ഒരു കാരണവശാലും ഭക്ഷണ വിതരണത്തിലോ ഗുണമേന്മയിലോ യാതൊരു വീഴ്ചയും വരുത്തുവാൻ പാടുള്ളതല്ല. മേല്പറഞ്ഞ നിർദേശങ്ങൾ പാലിക്കാത്ത പക്ഷം ഉചിതമായ നടപടി സ്വീകരിക്കുവാനും വേണ്ടിവന്നാൽ EMD-യും ജാമ്യ തുകയും കണ്ടുകെട്ടുവാനും കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും. പരിപാടിയുടെ വിജയകരമായ നടത്തിപ്പിനു ശേഷം ബില്ല് (GST പ്രകാരമുള്ളത്) കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും അത് തൃപ്തികരമെന്നു ബോധ്യപ്പെട്ടാൽ പ്രസ്തുത തുകയും, EMD-യും ബാങ്ക് ഗ്യാരണ്ടിയും തിരികെ നല്കുന്നതുമായിരിക്കും.

ടെൻഡർ സംബന്ധമായ എല്ലാ സംശയങ്ങൾക്കും താഴെക്കൊടുത്തിരിക്കുന്ന അഡ്രസിൽ ബന്ധപ്പെടാവുന്നതാണ്.

Convener
Food and Refreshment Committee
31st Kerala Science Congress
JNTBGRI, Palode, Thiruvananthapuram- 695 562
Kerala.
Phone: 9496103427; 9446412990

Appendix I

അപേക്ഷ ഫോറം

ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പാലോട്, തിരുവനന്തപുരം- 695 562, കേരളം. ഫോൺ- 0472-2869246, 2869628. ഫാക്സ്- 04722869646.

**മുപ്പത്തിഒന്നാമതു കേരളാ ശാസ്ത്ര കോൺഗ്രസ്**

**വേദി: ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം**

**ലഭ്യമാക്കേണ്ട സേവനം : ഭക്ഷണം പാകം ചെയ്യലും വിതരണവും**

## മെനു വിവരണം

### A. ഭക്ഷണം

ഒന്നാം ദിവസം - 02/02/2019

I. പ്രഭാത ഭക്ഷണം (രാവിലെ 8 മണിക്ക് - 500 പേർക്ക്)

1. ഇഡ്ഡലി - 3 എണ്ണം
2. ഉഴുന്നുവട - 1 എണ്ണം
3. സാമ്പാർ
4. ചമ്മന്തി
5. ചായ -350/ കാപ്പി -150
6. ചെറുപഴം (രസകദളി) - 1

നിരക്ക് (ഒരാൾക്ക്)

അക്കത്തിൽ --------------------------രൂപ
അക്ഷരത്തിൽ -----------------------------------------

II. സ്നാക്ക്സ് (രാവിലെ 11 മണിക്ക് - 1000 പേർക്ക്)

1. കുമ്പിളപ്പം/ ഇലയപ്പം -1 എണ്ണം
2. ചായ -700 / കാപ്പി -300

നിരക്ക് (ഒരാൾക്ക്)

അക്കത്തിൽ---------------------------------രൂപ
അക്ഷരത്തിൽ ----------------------------------------

III. ഉച്ചഭക്ഷണം - 1.30 മണിക്ക് (1000 പേർക്ക്)

1. ചോറ് (ചമ്പാവ് വടി അരി)
2. സാമ്പാർ
3. പുളിശ്ശേരി
4. അവിയൽ
5. തോരൻ
6. അച്ചാർ (നാരങ്ങ)
7. പപ്പടം
8. മീൻകറി (നെയ്മീൻ 50 ഗ്രാം കഷ്ണം)
9. ജിലേബി
10. ചെറുപഴം -1

നിരക്ക് (ഒരാൾക്ക്)
അക്കത്തിൽ---------------------------------രൂപ
അക്ഷരത്തിൽ ----------------------------------------

IV. സ്നാക്ക്സ് (വൈകിട്ട് 3.30 മണിക്ക് - 1000 പേർക്ക്)

1. പഴക്കേക്ക് -1
2. ചായ - 700 / കാപ്പി -300

V. രാത്രിഭക്ഷണം രാത്രി 8 മണിക്ക് (800- പേർക്ക്)

1. ചപ്പാത്തി - 2 എണ്ണം
2. വെജിറ്റൽ ഫ്രൈഡ് റൈസ് (ബസുമതി അരി)
3. ചില്ലി ചിക്കൻ (600 പേർക്ക്)
4. ചില്ലി ഗോബി (200 പേർക്ക്)
5. ഗ്രീൻ സാലഡ്
6. പപ്പടം- 1
7. അച്ചാർ (നാരങ്ങ)
8. ഹൽവ/ അരിയുണ്ട -1 എണ്ണം
9. ചെറുപഴം -1

നിരക്ക് (ഒരാൾക്ക്)
അക്കത്തിൽ----------------------------------രൂപ
അക്ഷരത്തിൽ -----------------------------------------

രണ്ടാം ദിവസം - 03/02/2019

VI. പ്രഭാത ഭക്ഷണം (രാവിലെ 8 മണിക്ക് - 1000 പേർക്ക്)

1. അപ്പം- 3 എണ്ണം (500 പേർക്ക്)/ ഇടിയപ്പം- 3 എണ്ണം (500 പേർക്ക്)
2. കടല കറി
3. ഏത്തപ്പഴം പുഴുങ്ങിയത്- ½ എണ്ണം
4. ചായ -700/ കാപ്പി -300

നിരക്ക് (ഒരാൾക്ക്)

അക്കത്തിൽ -------------------------രൂപ
അക്ഷരത്തിൽ -----------------------------------------

VII. സ്നാക്ക്സ് (രാവിലെ 11 മണിക്ക് - 1200 പേർക്ക്)

1. ബിസ്ക്കറ് (Good day) -2 എണ്ണം
2. ചായ -800 / കാപ്പി -400

നിരക്ക് (ഒരാൾക്ക്)

അക്കത്തിൽ----------------------------------രൂപ
അക്ഷരത്തിൽ -----------------------------------------

VIII. ഉച്ചഭക്ഷണം - 1.30 മണിക്ക് (1500 പേർക്ക്)

1. ചോറ് (ചമ്പാവ് വടി അരി)
2. സാമ്പാർ
3. രസം
4. മോര്
5. അവിയൽ
6. തോരൻ
7. അച്ചാർ (മാങ്ങ)
8. പപ്പടം -1
9. കൊഞ്ച് തീയൽ-1200/ വെജിറ്റേറിയൻ തീയൽ- 300
10. ചെറുപഴം -1

നിരക്ക് (ഒരാൾക്ക്)
അക്കത്തിൽ----------------------------------രൂപ
അക്ഷരത്തിൽ -----------------------------------------

IX. സ്നാക്ക്സ് (വൈകിട്ട് 3.30 മണിക്ക് - 1000 പേർക്ക്)

1. കിണ്ണത്തപ്പം- 75 ഗ്രാം കഷ്ണം
2. ചായ - 800 / കാപ്പി -200

നിരക്ക് (ഒരാൾക്ക്)
അക്കത്തിൽ----------------------------------രൂപ
അക്ഷരത്തിൽ -----------------------------------------

## B. കുടിവെള്ളം

ഭക്ഷണത്തിനു പുറമെ രണ്ടു ദിവസങ്ങളിലും സമ്മേളനം നടക്കുന്ന 12 വേദികൾക്കടുത്തായി എല്ലാ സമയങ്ങളിലും കുടിവെള്ളം നൽകേണ്ടതുണ്ട്. തിളപ്പിച്ചാറിച്ച വെള്ളം സ്റ്റീൽ കെറ്റിലുകളിൽ ആവശ്യാനുസരണം വിതരണംചെയ്യുന്നതിനുള്ള റേറ്റ് പ്രത്യേകമായി നല്കേണ്ടതാണ്.

പ്ലാസ്റ്റിക്/പേപ്പർ കപ്പുകൾ പൂർണമായി നിരോധിച്ചിരിക്കുന്നതിനാൽ വെള്ളം കുടിക്കുന്നതിനായി ഒന്നോ രണ്ടോ സ്റ്റീൽ കപ്പുകൾ മാത്രം ഓരോ കെറ്റിലുകളിനും അടുത്ത് വച്ചിരുന്നാൽ മതി.

നിരക്ക്
അക്കത്തിൽ----------------------------------രൂപ
അക്ഷരത്തിൽ -----------------------------------------

Total A + B (ആകെ തുക)

അക്കത്തിൽ----------------------------------രൂപ
അക്ഷരത്തിൽ -----------------------------------------

Appendix II

## നിബന്ധനകൾ

1. കാപ്പി/ചായ തയ്യാറാക്കുന്നത് പാൽ-വെള്ളം എന്നിവ 30:70 അനുപാതത്തിലും, മേൽത്തരം ബ്രാൻഡഡ് കാപ്പിപ്പൊടി/ തേയില ഉപയോഗിച്ചുമായിരിക്കണം.

2. അംഗീകരിക്കുന്ന മെനു, പറഞ്ഞിട്ടുള്ള ഗുണനിലവാരം, അളവ് എന്നിവ കൃത്യമായി പാലിക്കേണ്ടതാണ്.

3. എല്ലാ ആഹാരത്തോടൊപ്പവും കുടിവെള്ളം നൽകേണ്ടതാണ്. ഓരോ സമയത്തുമുള്ള ഭക്ഷണത്തിൻറെയും നിരക്ക് ഇതുൾപ്പടെ ഉള്ളതായിരിക്കണം.

4. എന്നാൽ വിവിധ സമ്മേളന സ്ഥലങ്ങളിൽ എല്ലാസമയത്തും കുടിവെള്ളം നൽകുന്നതിന് പ്രത്യേകമായി നിരക്ക് നൽകേണ്ടതാണ്.

5. ഭക്ഷണം പാചകം ചെയ്യുവാൻ വേണ്ട സ്ഥലം ശാസ്ത്ര കോൺഗ്രസ് വേദിക്കടുത്തായി ലഭ്യമാക്കുന്നതാണ്. (ഫാത്തിമ മാതാ നാഷണൽ കോളേജ് ഗ്രൗണ്ട്).

6. പാചകം ചെയ്യുന്ന സ്ഥലത്തുള്ള സജ്ജീകരണകങ്ങൾ കാറ്ററർ സ്വന്തം ചിലവിൽ ചെയ്യണ്ടതാണ്.

7. ടെൻഡർ നിരക്കുകളും നിബന്ധനകളും എഗ്രിമെന്റ് മുതൽ മൂന്ന് മാസത്തേക്ക് ബാധകമായിരിക്കും. ഈ കാലയളവിൽ യാതൊരുവിധ മാറ്റങ്ങളും പരിഗണിക്കുന്നതല്ല.

8. പാചക സ്ഥലത്തും വിതരണ സ്ഥലത്തും വെള്ളം, വൈദുതി എന്നിവ സംഘാടകർ ലഭ്യമാക്കുന്നതാണ്.

9. പാചക സ്ഥലത്തും വിതരണ സ്ഥലത്തും സമ്പൂർണ ശുചിത്വം ഉറപ്പാക്കേണ്ടതാണ്.

10. പാചകത്തിനുപയോഗിക്കുന്ന ഭക്ഷണ സാധനങ്ങൾ ഉന്നത നിലവാരമുള്ളതായിരിക്കണം.

11. സമ്മേളത്തിന് പ്ലാസ്റ്റിക് പൂർണമായി നിരോധിച്ചിരിക്കുന്നതിനാൽ ചായ, കാപ്പി, വെള്ളം തുടങ്ങിയവ നല്കുന്നതിന് അനുയോജ്യ വലിപ്പമുള്ള സ്റ്റീൽ/സ്ഫടിക ഗ്ലാസ് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു. ഭക്ഷണം വിതരണം ചെയ്യുന്നതിനായി സെറാമിക്/ മെലാനിൻ/ സ്റ്റീൽ പാത്രങ്ങൾ മാത്രമേ പാടുള്ളു.

12. ടിഷ്യു പേപ്പർ, സ്റ്റീൽ സ്പൂൺ എന്നിവ കൗണ്ടറിൽ ലഭ്യമാക്കേണ്ടതാണ്.

13. ക്വട്ടേഷനിൽ, ഭഷണം കഴിക്കുന്നവരുടെ എണ്ണം നൽകിയിരിക്കുന്നത് പ്രാഥമിക കണക്കുകൾ പ്രകാരമാണ്. എണ്ണം കൂടുകയോ കുറയുകയോ ചെയ്യാൻ സാധ്യതയുണ്ട്. മാറ്റങ്ങൾ മുൻകൂട്ടി അറിയിയ്ക്കുന്നതാണ്.

14. തിരക്ക് കൂടാതെ ഭക്ഷണം വിതരണം ചെയ്യുന്നതിന് വേണ്ടത്ര വെജിറ്റേറിയൻ/ നോൺവെജിറ്റേറിയൻ കൗണ്ടറുകൾ ഭക്ഷണഹാളിൽ തയ്യാറാക്കേണ്ടതാണ്.

15. കരാറുകാരനും വിതരണ ജോലിക്കാരും ആതിഥ്യ മര്യാദ പൂർണമായും പാലിക്കേണ്ടതാണ്.

16. പാചകപ്പുരയിലും വിതരണ ഹാളിലും CCTV ക്യാമറ ഉണ്ടായിരിക്കും. ഭഷണം കഴിക്കുന്നവരുടെ എണ്ണം കണക്കാക്കുന്നതിനു ബാർകോഡ് സ്കാനർ ഉണ്ടായിരിക്കും. കമ്മിറ്റിയും കാറ്ററും ഓരോ ഭക്ഷണ ശേഷവും ഇത് ഒത്തുനോക്കി എണ്ണം തിട്ടപ്പെടുത്തുന്നതായിരിക്കും.

17. കരാർ കിട്ടുന്ന കാറ്ററർ രണ്ടുലക്ഷം രൂപയുടെ (Rs. 2,00,000/- only) ബാങ്ക്ഗാരണ്ടി നൽകേണ്ടതാണ്.

18. ഭക്ഷണ സംബന്ധമായ കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ എല്ലാ നിയമങ്ങളും, നികുതികളും ടെൻഡറിന് ബാധകമായിരിക്കും.

19. ഭഷ്യസുരക്ഷ സംബന്ധമായ എല്ലാ ഉത്തരവാദിത്വങ്ങളും കാറ്ററിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

20. സംസ്ഥാന/കേന്ദ്ര സർക്കാരുകളോ കേരളാ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലോ ബ്ലാക്ക്‌ലിസ്റ്റിൽ ഉൾപ്പെടുത്തുകുകയോ/

ഉൾപ്പെടുത്തുവാൻ ശുപാർശ ചെയ്യുകയോ ചെയയ്തിട്ടുള്ള കരാറുകാരുടെ ടെൻഡറുകൾ നിരസിക്കപ്പെടുന്നതാണ്.

21. ഈ ടെൻഡർ സംബന്ധിച്ച എല്ലാ കാര്യങ്ങളിലും ഓർഗനൈസിംഗ് കമ്മിറ്റി കൺവീനറുടെ തീരുമാനം അന്തിമമായിരിക്കും.

22. ഭഷണം വിതരണം ചെയ്യേണ്ട സ്ഥലം: ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം.

23. ഭക്ഷണ വിതരണ സമയം: 02-02-2019 രാവിലെ 8.00 മണി മുതൽ 03-02-2019 വൈകിട്ട് 4.00 മണിവരെ (കമ്മിറ്റിയുടെ നിർദേശാനുസരണം).

24. മാലിന്യ നിർമ്മാർജ്ജനം: ഭക്ഷണ/കുടിവെള്ള വിതരണം പൂർണമായി പ്ലാസ്റ്റിക് വിമുക്തമായിരിക്കണം. മാലിന്യ നിർമ്മാർജ്ജനം പൂർണമായും കരാറുകാരൻറെ ഉത്തരവാദിത്വമാണ്. ഭക്ഷണവുമായി ബന്ധപ്പെട്ട എല്ലാ മാലിന്യങ്ങളും അതാതു സമയങ്ങളിൽത്തന്നെ നീക്കം ചെയ്യേണ്ടതും തദ്ദേശ്ശ ഭരണ സ്ഥാപനങ്ങൾ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ നിർമ്മാർജ്ജനം ചെയ്യേണ്ടതുമാണ്.

25. തൃപ്തികരമായ ഭക്ഷണ വിതരണത്തിനു ശേഷം നിബന്ധനകൾക്കനുസൃതമായ ബില്ലുകൾ നൽകി പരിശോധനകൾക്കു ശേഷം തുക കൈപ്പറ്റാവുന്നതാണ്

<u>സത്യപ്രസ്താവന</u>

മേല്പറഞ്ഞ നിബന്ധനകൾ എല്ലാം തന്നെ ഞാൻ/ഞങ്ങൾ വായിച്ചു ബോധ്യപ്പെട്ടു. കരാറിലെ വ്യവസ്ഥകൾ മുഴുവനായും ഇതിനാൽ അംഗീകരിച്ചുകൊള്ളുന്നു.

ഒപ്പ്

പേര്.................................................................................

അഡ്രസ്.........................................................................

സ്ഥലം:
തീയതി: